(ബി) മല്ലപ്പള്ളിസ്കീമിന്റെ ഇൻവെസ്റ്റിഗേഷൻ 1961–ലും എഴമറ്റൂർ സ്കീമിന്റെ ഇൻവെസ്റ്റിഗേഷൻ 1962–ലും പൂർത്തിയായി.

(സി) തയാറാക്കികൊണ്ടിരിക്കുകയാണു്.

(ഡി) വാട്ടർസപ്ലൈ ബോർഡിന്റെ അംഗീകാരം സിദ്ധിച്ചു് അതിനുള്ള തുക കൊള്ളിച്ചുകഴിഞ്ഞാൽ ഈ പദ്ധതികളുടെ പണി ആരംഭിക്കുന്നതാണു്.

ഡ്രൈ സ്റ്റോക്ക് ഫാമുകൾ

✱ 308. [22] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് ആകെ എത്ര ഡ്രൈ സ്റ്റോക്കുഫാമുകൾ ഉണ്ടു്;

(ബി) കൊല്ലം ഡിസ്ട്രിക്റ്റു് കുരീപ്പുഴ മലയിലുള്ള ഡ്രൈസ്റ്റോക്കു ഫാം ആരംഭിച്ചതെന്നാണു് ;

(സി) ഇവിടെ ഇപ്പോൾ എത്ര പശുക്കളെ സൂക്ഷിച്ചു വരുന്നുണ്ടു് ;

(ഡി) ഈ സ്ഥലത്തു് ഒരു ഡ്രൈസ്റ്റോക്കു ഫാം പ്രയോജനകരമായി പ്രവർത്തിക്കാൻ സാദ്ധ്യമല്ലാത്തതുകൊണ്ടു് ഇതു് ഒരു ഡയറിഫാം ആക്കി മാറ്റുന്നതിനു് ആവശ്യമായ നടപടി സ്വീകരിക്കാമോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി, പൗലോസു്):

(എ) രണ്ടു്.

(ബി) 8–6–1963–ൽ.

(സി) ഇപ്പോൾ അവിടെ പശുക്കളെകൊണ്ടുവന്നു തുടങ്ങിയിട്ടില്ല.

(ഡി) ഇവിടെ ഡ്രൈസ്റ്റോക്കു് പ്രവർത്തിക്കാൻ സാദ്ധ്യമല്ലാത്ത പക്ഷം, ഇതിനെ ഒരു ഡിസ്ട്രിക്റ്റു് ലൈവു് സ്റ്റോറേജുഫാം ആക്കി മാറ്റുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണു്.

Abolition of Death Penalty

✱ 309. [25] **Shri K. M. George**: Will the Minister for Home Affairs be pleased to state:

(a) Has the Central Government or the Law Commission asked for the opinion of this Government about the question of abolishing the death penalty ; and

(b) if so, what reply has been given on this question ?

Chief Minister (**Shri R. Sankar**):

(a) The Government of India has asked for the comments of the State Government on certain proposals made by them for confining capital punishment to certain specified offences. The Law Commission had circulated a questionnaire on capital punishment and asked for the view of the Home Secretary, Inspector General of Police and Inspector General of Prisons.

(b) The Government have generally agreed with the proposals of the Government of India.

LIBRARY ARCHIVES Kerala Legislative Assembly